# 2007—ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബിൽ

കേരള സംസ്ഥാനത്തെ ചെറുകിട തോട്ടം തൊഴിലാളികളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റു ചില കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്തുകൊണ്ടുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തെ ചെറുകിട തോട്ടം തൊഴിലാളികളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റു ചില കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അമ്പത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2007-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ബോർഡ്" എന്നാൽ 6-ാം വകുപ്പു പ്രകാരം രൂപീകരിക്കപ്പെട്ട കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു;

(ബി) "ചീഫ് എക്സിക്യൂട്ടീവ് ആഫീസർ" എന്നാൽ 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ആഫീസർ എന്നർത്ഥമാകുന്നു;

(സി) "അംശാദായം" എന്നാൽ 5-ാം വകുപ്പിലെ വ്യവസ്ഥൾക്കനുസൃതമായി നിധിയിലേക്ക് നൽകേണ്ട തുക എന്നർത്ഥമാകുന്നു;

(ഡി) ഒരു തോട്ടവുമായി ബന്ധപ്പെടുത്തി ഉപയോഗിക്കുമ്പോൾ "തൊഴിലുടമ" എന്നാൽ തോട്ടത്തിന്റെ കാര്യങ്ങളിൽ ആത്യന്തികമായ നിയന്ത്രണം ഉള്ള ആൾ എന്നർത്ഥമാകുന്നതും, ഏതെങ്കിലും തോട്ടത്തിന്റെ കാര്യത്തിൽ മറ്റേതെങ്കിലും ആളെ ഭരമേൽപ്പിച്ചിട്ടുള്ളിടത്ത് (ഒരു മാനേജിംഗ് ഏജന്റ് എന്നോ, മാനേജർ എന്നോ, സൂപ്രണ്ട് എന്നോ അഥവാ മറ്റേതെങ്കിലും പേരിലോ വിളിക്കപ്പെടുന്ന) അപ്രകാരമുള്ള മറ്റേതൊരാളിനെയും, ആ തോട്ടത്തെ സംബന്ധിച്ചിടത്തോളം തൊഴിലുടമയായി കരുതേണ്ടതാണ്;

(ഇ) "കുടുംബം" എന്നാൽ തോട്ടം തൊഴിലാളിയുടെ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, പ്രായപൂർത്തിയാകാത്ത ആൺമക്കൾ, വിവാഹം കഴിയാത്ത പെൺമക്കൾ എന്നർത്ഥമാകുന്നതും അയാളെ മാത്രം ആശ്രയിച്ചുകഴിയുന്ന അയാളുടെ പിതാവും മാതാവും മന്ദബുദ്ധിയായ കുട്ടി ഏതെങ്കിലും ഉണ്ടെങ്കിൽ അതും ഉൾപ്പെടുന്നതുമാകുന്നു;

(എഫ്) "നിധി" എന്നാൽ 3-ാം വകുപ്പു പ്രകാരം സ്ഥാപിക്കപ്പെട്ട ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി എന്നർത്ഥമാകുന്നു;

(ജി) "അംഗം" എന്നാൽ നിധിയിലെ ഒരു അംഗം എന്നർത്ഥമാകുന്നു;

(എച്ച്) "തോട്ടം" എന്നാൽ റബ്ബർ, തേയില, കാപ്പി, ഏലം, കൊക്കോ അഥവാ എണ്ണപ്പന, കശുവണ്ടി എന്നിവ കൃഷി ചെയ്യുന്നതിനായി ഉപയോഗിക്കുന്നതോ ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നതോ ആയ ഏതെങ്കിലും ഭൂമി എന്നർത്ഥമാകുന്നു;

(ഐ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ജെ) "പട്ടിക" എന്നാൽ ഈ ആക്റ്റിന്റെ പട്ടിക എന്നർത്ഥമാകുന്നു;

(കെ) "പദ്ധതി" എന്നാൽ 3-ാം വകുപ്പിലെ (1)-ാം ഉപവകുപ്പു പ്രകാരം ഉണ്ടാക്കിയിട്ടുള്ള ഒരു പദ്ധതി എന്നർത്ഥമാകുന്നു;

(എൽ) "ചെറുകിട തോട്ടം" എന്നാൽ അഞ്ച് ഹെക്ടർ വിസ്തീർണ്ണത്തിൽ കുറവായതും ഒന്നോ അതിലധികമോ ചെറുകിട തോട്ടം തൊഴിലാളികളെ ജോലിക്ക് നിയോഗിക്കപ്പെട്ടിട്ടുള്ളതുമായ ഒരു തോട്ടം എന്നർത്ഥമാകുന്നതും, എന്നാൽ 1951-ലെ തോട്ടം തൊഴിലാളി ആക്റ്റി (1951-ലെ 69-ാം കേന്ദ്ര ആക്റ്റ്) ന് കീഴിലുള്ള ഒരു തോട്ടം ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു;

(എം) "ചെറുകിട തോട്ടം തൊഴിലാളി" എന്നാൽ ഒരു ഉടമസ്ഥന്റെയോ കമ്പനിയുടെയോ കുടുംബത്തിന്റെയോ ട്രസ്റ്റിന്റെയോ സൊസൈറ്റിയുടെയോ ഏതെങ്കിലും

കോൺട്രാക്ടറോ ഏജന്റോ മുഖേനയോ കൂലിക്കോ പ്രതിഫലത്തിനോ എന്തെങ്കിലും ജോലി ചെയ്യുന്നതിനായി തൊട്ടു മുമ്പിലത്തെ പന്ത്രണ്ട് മാസങ്ങൾക്കുള്ളിൽ തൊണ്ണൂറ് ദിവസത്തിൽ കുറയാതെ ഏർപ്പെടുത്തിയിരിക്കുന്ന ഒരാൾ എന്നർത്ഥമാകുന്നതും, തന്റെ സ്വന്തമായുള്ളതും വിസ്തീർണ്ണം ഒരു ഹെക്ടറിൽ കൂടാത്തതുമായ ചെറുകിട തോട്ടത്തിൽ സ്വയം തൊഴിൽ ചെയ്യുന്ന ഏതൊരാളും ഉൾപ്പെടുന്നതുമാകുന്നു;

വിശദീകരണം : ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി, ഒരാൾ, ചെറുകിട തോട്ടം തൊഴിലാളിയാണോ അല്ലയോ എന്ന ഏതെങ്കിലും പ്രശ്നം ഉദിക്കുകയാണെങ്കിൽ ആ പ്രശ്നം ബോർഡിനോ അല്ലെങ്കിൽ ബോർഡ് ഇതിലേക്കായി അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ തീരുമാനത്തിനായി വിട്ടുകൊടുക്കേണ്ടതും അതിന്മേൽ ബോർഡിന്റെ/ അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

(എൻ) "വർഷം" എന്നാൽ സാമ്പത്തിക വർഷം എന്നർത്ഥമാകുന്നു.

3. ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി പദ്ധതി.—(1) സർക്കാർ, ഗസറ്റ് വിജ്ഞാപനംമൂലം "ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി രൂപീകരിക്കേണ്ടതും ആ പദ്ധതി രൂപികരിച്ച ശേഷം കഴിയുന്നത്ര വേഗം ഈ ആക്റ്റിലേയും പദ്ധതിയിലേയും വ്യവസ്ഥകൾക്കനുസൃതമായി ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

(2) നിധി, ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതും, ബോർഡ് അതിന്റെ ഭരണം നിർവ്വഹിക്കേണ്ടതുമാണ്.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, പദ്ധതിയിൽ, പട്ടികയിൽ പറഞ്ഞിട്ടുള്ള എല്ലാമോ, ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(4) നിധിയിൽ താഴെപ്പറയുന്നവ വരവു വയ്ക്കേണ്ടതാണ്, അതായത്:—

(എ) 5-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള അംശാദായങ്ങൾ;

(ബി) 10-ാം വകുപ്പ് പ്രകാരം ബോർഡ് കടം വാങ്ങുന്ന തുക;

(സി) 19-ാം വകുപ്പ് പ്രകാരം വസൂലാക്കപ്പെടുന്ന നഷ്ടപരിഹാരം;

(ഡി) ഇൻഡ്യാ ഗവണ്മെന്റോ, സംസ്ഥാന ഗവണ്മെന്റോ, ഏതെങ്കിലും തദ്ദേശാധികാര സ്ഥാപനമോ അഥവാ മറ്റേതെങ്കിലും സ്ഥാപനമോ നൽകിയിട്ടുള്ള ഗ്രാന്റുകളോ, വായ്പകളോ അല്ലെങ്കിൽ മുൻകൂറുകളോ;

(ഇ) മറ്റേതെങ്കിലും മാർഗ്ഗത്തിൽ നിന്നുള്ള ഏതൊരു സംഭാവനയും;

(എഫ്) ബോർഡിന്റെ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനായി മറ്റ് മാർഗ്ഗങ്ങളിൽ നിന്നും ബോർഡ് ശേഖരിച്ച ഏതെങ്കിലും തുക;

(ജി) പദ്ധതി പ്രകാരം ചുമത്തിയ ഏതെങ്കിലും ഫീസ്;

(എച്ച്) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വരവ് വയ്ക്കേണ്ട മറ്റേതെങ്കിലും തുക.

(5) നിധി താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്, അതായത്:—

(എ) അവശതമൂലം ജോലി ചെയ്യാൻ കഴിവില്ലാതാവുകയോ അഥവാ അറുപത് വയസ്സ് തികയുകയോ ചെയ്ത ഒരംഗത്തിന് പെൻഷൻ നൽകുന്നതിന്;

(ബി) കുടുംബ പെൻഷൻ നൽകുന്നതിന്;

(സി) സ്ഥായിയായ അവശത അനുഭവിക്കുന്ന ഒരംഗത്തിന് സാമ്പത്തിക സഹായം നൽകുന്നതിന്;

(ഡി) ഒരംഗത്തിന്റെ പെൺമക്കളുടെ വിവാഹത്തിനുവേണ്ട ചെലവുകൾ നേരിടുന്നതിനോ, അല്ലെങ്കിൽ ആശ്രിതന്റെ മരണത്തോടനുബന്ധിച്ച ചെലവുകൾ വഹിക്കുന്നതിനോ, അല്ലെങ്കിൽ ഒരംഗത്തിന്റെ വീടു നിർമ്മാണത്തിനോ അഥവാ അറ്റകുറ്റപ്പണികൾക്കോ വേണ്ട ചെലവുകൾക്കായോ വായ്പകളോ ഗ്രാന്റുകളോ നൽകുന്നതിന്;

(ഇ) തോട്ടങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യങ്ങൾ നൽകുന്നതിന്;

(എഫ്) തോട്ടം തൊഴിലാളികൾക്കും അയാളുടെ കുടുംബാംഗങ്ങൾക്കും വേണ്ടി ചികിത്സാ സൗകര്യങ്ങളും വിദ്യാഭ്യാസ സൗകര്യങ്ങളും നൽകുന്നതിന്;

(ജി) ഒരംഗത്തിന് താമസാവശ്യത്തിന്, സ്വന്തമായി ഭൂമിയോ വാസഗൃഹമോ ഇല്ലെങ്കിൽ അവനോ/അവൾക്കോ അപ്രകാരമുള്ള ഭൂമിയോ കെട്ടിടത്തോടുകൂടിയ ഭൂമിയോ വാങ്ങുന്നതിനായി വായ്പ നൽകുന്നതിന്;

(എച്ച്) തോട്ടം തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം സംബന്ധിച്ച ആവശ്യങ്ങൾക്ക്;

(ഐ) പട്ടികയിലും പദ്ധതിയിലും പറഞ്ഞിട്ടുള്ള മറ്റേതെങ്കിലും ആവശ്യത്തിനായി.

(6) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, മുൻകാല പ്രാബല്യത്തോടു കൂടിയോ പിൽക്കാല പ്രാബല്യത്തോടു കൂടിയോ പദ്ധതിയിൽ എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ, ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(7) മുകളിൽ ഒന്നാം ഉപവകുപ്പ് പ്രകാരം ഉണ്ടാക്കിയ പദ്ധതിയും (6)-ാം ഉപവകുപ്പു പ്രകാരമുള്ള വിജ്ഞാപനവും, അത് പുറപ്പെടുവിച്ചശേഷം, കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ്, നിയമസഭ പ്രസ്തുത പദ്ധതിയിലോ, വിജ്ഞാപനത്തിലോ, ഏതെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ പദ്ധതിയോ വിജ്ഞാപനമോ പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, പ്രസ്തുത പദ്ധതിക്കോ വിജ്ഞാപനത്തിനോ, അതിനുശേഷം അതതു സംഗതിപോലെ, അപ്രകാരം

ഭേദഗതി ചെയ്ത പ്രകാരത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതാണ്. എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ, റദ്ദാക്കലോ, അതതു സംഗതിപോലെ, ആ പദ്ധതിയിൻ കീഴിലോ വിജ്ഞാപനത്തിൻ കീഴിലോ മുൻപ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതാണ്.

4. ചില അവകാശങ്ങളുടെയും, വിശേഷാവകാശങ്ങളുടെയും ഒഴിവാക്കൽ.— ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ, ഒരു തൊഴിലുടമ തൊഴിലാളിക്ക് തത്സമയം നൽകിക്കൊണ്ടിരിക്കുന്ന യാതൊരുവിധ ആനുകൂല്യങ്ങളും അംശദായം നൽകുന്നുവെന്ന കാരണത്താൽ നിഷേധിക്കുവാനോ കുറവുവരുത്തുവാനോ പാടുള്ളതല്ല.

5. നിധിയിലേക്കുള്ള അംശദായം.—(1) ഓരോ തോട്ടം തൊഴിലാളിയും ഓരോ അർദ്ധവർഷത്തേക്കും നൂറ്റി ഇരുപത് രൂപ വീതം നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്.

(2) ഓരോ തൊഴിലുടമയും തൊഴിലാളികളുടെ അംശദായത്തിന് തത്തുല്യമായ നൂറ്റിഇരുപത് രൂപ വീതം ഓരോ അർദ്ധ വർഷത്തേക്കും നിധിയിലേക്ക് അംശദായം നൽകേണ്ടതാണ്.

(3) നിധിയിലേക്ക് ഒരു തൊഴിലാളിക്ക് അർദ്ധവർഷത്തിൽ അറുപത് രൂപ എന്ന നിരക്കിൽ സർക്കാർ അംശദായം നൽകേണ്ടതാണ്.

(4) അംശാദായം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പക്കലോ, ഇതിലേക്കായി ബോർഡ് അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ പക്കലോ നൽകേണ്ടതാണ്.

6. ബോർഡിന്റെ രൂപീകരണം.—(1) നിധിയുടെ ഭരണപരമായ നടത്തിപ്പിനും, നിധിയിൽ നിന്ന് ധനസഹായം നലകുന്നതിന് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനും നിർവ്വഹണത്തിനുമായി സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, അതിൽ നിർദ്ദേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി 'കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമ നിധി ബോർഡ്' എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ് ശാശ്വത പിൻതുടർച്ചാവകാശത്തോടും, പൊതു മുദ്രയോടും കൂടിയ മേൽപ്പറഞ്ഞപേരിലുള്ള ഒരു ഏകാംഗ യോഗമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാകുന്നു.

(3) ബോർഡിന് ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്ന പ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പതിനഞ്ച് ഡയറക്ടർമാർ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) തോട്ടം തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന അഞ്ച് അംഗങ്ങൾ;

(ii) തൊഴിലുടമകളെ പ്രതിനിധീകരിക്കുന്ന അഞ്ച് അംഗങ്ങൾ;

(iii) സർക്കാരിനെ പ്രതിനിധീകരിക്കുന്ന അഞ്ച് അംഗങ്ങൾ;

(4) ബോർഡിലെ ഡയറക്ടർമാരിൽ ഒരാളെ സർക്കാരിന് ചെയർപേഴ്സൺ ആയി നിയമിക്കാവുന്നതാണ്.

(5) സർക്കാർ, ബോർഡിന്റെ ചെയർപേഴ്സന്റെയും ഡയറക്ടർമാരുടെയും പേരുകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(6) ബോർഡ്, അതിൽ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ ഭരണം പദ്ധതിയിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം നടത്തേണ്ടതാണ്.

(7) ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടു കൂടി അത് വിനിർദ്ദേശിക്കാവുന്ന പ്രകാരമുള്ള നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി, നിധിയുടെ കാര്യക്ഷമമായ നടത്തിപ്പിന്, ആവശ്യമെന്ന് അത് കരുതുന്നത്ര ഈ ആക്റ്റോ, പദ്ധതിയോ പ്രകാരമുള്ള അതിന്റെ അധികാരങ്ങളും ചുമതലകളും ബോർഡിന്റെ ചെയർപേഴ്സനെയോ ഏതെങ്കിലും ഡയറക്ടറെയോ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയോ ഏൽപ്പിച്ച് കൊടുക്കാവുന്നതാണ്.

7. ഡയറക്ടർമാരുടെ ഔദ്യോഗിക കാലാവധി.—(1) 6-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു ഡയറക്ടർ അപ്രകാരം നാമനിർദ്ദേശം ചെയ്ത തീയതി മുതൽ മൂന്ന് വർഷക്കാലം ആ പദവി വഹിക്കേണ്ടതാണ് :

എന്നാൽ, ഒരു ഡയറക്ടർക്ക്, അദ്ദേഹത്തിന്റെ പിൻഗാമിയുടെ നിയമനം നടത്തുന്നതുവരെ ഡയറക്ടറായി തുടരാവുന്നതാണ്.

(2) 8-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, എപ്പോൾ വേണമെങ്കിലും എഴുതി രേഖപ്പെടുത്തിയ കാരണങ്ങളിന്മേൽ, ബോർഡിലെ ഏതൊരു ഡയറക്ടറെയും, നിർദ്ദിഷ്ട നീക്കം ചെയ്യലിനെതിരായി കാരണം കാണിക്കുവാൻ അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകിയശേഷം ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ് :

എന്നാൽ, പൊതു താൽപ്പര്യാർത്ഥം കാരണങ്ങൾ എഴുതി രേഖപ്പെടുത്തുന്നതോ, അങ്ങനെയുള്ള അവസരം നൽകുന്നത് യുക്തമല്ലെന്ന് സർക്കാരിന് തോന്നുന്ന പക്ഷം നീക്കം ചെയ്യുന്നതിനുള്ള കാരണം എഴുതി രേഖപ്പെടുത്തുകയോ, നിർദ്ദിഷ്ട നീക്കം ചെയ്യലിനെതിരായി കാരണം കാണിക്കാൻ അവസരം നൽകുകയോ ചെയ്യേണ്ട ആവശ്യമില്ലാത്തതുമാകുന്നു.

(3) ഏതൊരു ഡയറക്ടർക്കും സർക്കാരിന് ലിഖിതമായ നോട്ടീസ് നൽകിക്കൊണ്ട് തന്റെ ഔദ്യോഗിക സ്ഥാനം രാജി വയ്ക്കാവുന്നതും, എന്നാൽ സർക്കാർ രാജി സ്വീകരിക്കുന്നതുവരെ ഔദ്യോഗിക സ്ഥാനത്ത് തുടരേണ്ടതുമാണ്.

(4) സർക്കാരിന്, കഴിയുന്നത്ര വേഗം ഡയറക്ടറുടെ ഒരു താൽക്കാലിക ഒഴിവ് നികത്താവുന്നതും അത്തരം ഒഴിവ് നികത്തുന്നതിനായി നിയമിക്കപ്പെട്ട ഡയറക്ടർ, ഏത് ഡയറക്ടറുടെ ഒഴിവാണോ അയാളാൽ നികത്തപ്പെടുന്നത് ആ ഡയറക്ടറുടെ ശേഷിക്കുന്ന ഔദ്യോഗിക കാലാവധിവരെ പ്രസ്തുത പദവി വഹിക്കേണ്ടതുമാണ്.

8. അനൗദ്യോഗിക ഡയറക്ടർമാരെ നീക്കം ചെയ്യൽ.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ബോർഡിലെ ഏതൊരു അനൗദ്യോഗിക ഡയറക്ടറെയും താഴെ പറയുന്ന കാരണങ്ങളാൽ പ്രസ്തുത പദവിയിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്,—

(എ) അദ്ദേഹം ബോർഡിന്റെ അനുവാദം കൂടാതെ തുടർച്ചയായി ബോർഡിന്റെ മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയാണെങ്കിൽ :

എന്നാൽ, വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുമുൻപ് ബോർഡിന് അപ്രകാരം ഹാജരാകാതിരുന്നത് മതിയായ കാരണങ്ങളാൽ മാപ്പാക്കാവുന്നതാണ്;

(ബി) അദ്ദേഹം ഡയറക്ടറായി പ്രവർത്തിക്കുന്നതിന് യോഗ്യനല്ലെന്നോ കഴിവില്ലാത്തവനായി തീർന്നുവെന്നോ അഥവാ തന്റെ ഡയറക്ടർ പദവി ദുരുപയോഗപ്പെടുത്തിയതുകൊണ്ട് അങ്ങനെയുള്ള ഡയറക്ടറായി അദ്ദേഹം തുടരുന്നത് പൊതുതാൽപര്യത്തിന് ഹാനികരമാകുമെന്നോ സർക്കാരിന് അഭിപ്രായമുള്ള പക്ഷം:

എന്നാൽ, ഈ ഉപവകുപ്പ് പ്രകാരം ഒരു ഡയറക്ടറെ നീക്കം ചെയ്യുന്നതിന് മുൻപായി അദ്ദേഹത്തെ നീക്കം ചെയ്യാതിരിക്കുന്നതിനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിലെ (എ) ഖണ്ഡപ്രകാരം നീക്കം ചെയ്യപ്പെട്ട ബോർഡിലെ ഒരു അനൗദ്യോഗിക ഡയറക്ടർ, സർക്കാർ മറ്റ് വിധത്തിൽ ഉത്തര വിടാത്തപക്ഷം, അദ്ദേഹത്തെ നീക്കം ചെയ്ത തീയതിമുതൽ മൂന്ന് വർഷക്കാലത്തേക്ക് ബോർഡിലെ ഡയറക്ടറായി പുനർ നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് അയോഗ്യനായിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡപ്രകാരം നീക്കം ചെയ്യപ്പെട്ട ബോർഡിലെ ഒരു അനൗദ്യോഗിക ഡയറക്ടർ, സർക്കാർ, ഒരു ഉത്തരവുമൂലം അദ്ദേഹം അയോഗ്യനല്ലെന്ന് പ്രഖ്യാപിക്കുന്നതുവരെ പുനർ നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല.

9. ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും നിയമനം.—ഈ ആക്റ്റ് പ്രകാരമുള്ള ബോർഡിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും, ആവശ്യമെന്ന് കരുതുന്നത്ര മറ്റ് ഉദ്യോഗസ്ഥരെയും ജീവനക്കാരെയും സർക്കാരിന് നിയമിക്കാവുന്നതാണ്.

(2) ഒന്നാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരുടെയും ജീവന ക്കാരുടെയും നിയമന-സേവന വ്യവസ്ഥകളും ശമ്പള സ്കെയിലുകളും നിർണ്ണയിക്കപ്പെ ടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

10. ബോർഡിന് കടം വാങ്ങാനുള്ള അധികാരം.—ബോർഡിന് അതത് സമയം സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയും സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള നിബന്ധനകൾക്കും, വ്യവസ്ഥകൾക്കും വിധേയമായും ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ എന്തു തുകയും കടമായി വാങ്ങാവുന്നതാണ്.

11. കിട്ടേണ്ട തുക തിട്ടപ്പെടുത്തൽ.—(1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ അദ്ദേഹം ഇതിനായി അധികാരപ്പെടുത്തുന്ന 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം

നിയമിക്കപ്പെട്ട മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ അദ്ദേഹം യുക്തമെന്ന് കരുതുന്ന അന്വേഷണത്തിനുശേഷം ഈ ആക്റ്റിലെയോ, ഇതിൻ കീഴിലുണ്ടാക്കിയ പദ്ധതിയുടെയോ വ്യവസ്ഥകൾ പ്രകാരം തൊഴിലുടമയിൽ നിന്നോ, തോട്ടം തൊഴിലാളിയിൽ നിന്നോ ലഭിക്കേണ്ട അംശാദായം ഉത്തരവുമൂലം തിട്ടപ്പെടുത്താവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന് അപ്രകാരമുള്ള അന്വേഷണത്തിന്റെ ആവശ്യങ്ങൾക്കായി, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അത്ര തന്നെ അധികാരങ്ങൾ ഇനിപ്പറയുന്ന സംഗതികളെ സംബന്ധിച്ചുണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതൊരാളെയും ഹാജരാകുവാൻ നിർബന്ധിക്കുന്നതിനും അയാളെ സത്യപ്രതിജ്ഞയിൻമേൽ വിസ്തരിക്കുന്നതിനും ;

(ബി) പ്രമാണങ്ങൾ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിന് ;

(സി) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നതിന് ;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷനെ നിയമിക്കുന്നതിന് ;

(3) ഈ വകുപ്പ് പ്രകാരമുള്ള ഏതൊരന്വേഷണവും ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 193-ഉം 228-ഉം വകുപ്പുകളുടെ അർത്ഥവ്യാപ്തിയിൽപ്പെടുന്നതും പ്രസ്തുത നിയമത്തിലെ 196-ാം വകുപ്പിന്റെ ആവശ്യത്തിലേക്കുള്ളതുമായ ഒരു നീതിന്യായ നടപടി ആയി കരുതപ്പെടേണ്ടതുമാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരം തുക തിട്ടപ്പെടുത്തിക്കൊണ്ടുള്ള ഒരു ഉത്തരവും അതിൽ ഉൾപ്പെട്ടിട്ടുള്ള ആളുകൾക്ക് പറയാനുള്ളത് പറയുവാൻ അവസരം നൽകാതെ പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(5) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു ഉത്തരവുമൂലം കഷ്ടതയനുഭവിക്കുന്ന ഏതൊരാൾക്കും ഉത്തരവ് കിട്ടിയ തീയതിമുതൽ അറുപത് ദിവസത്തിനകം സർക്കാരിന്റെയോ, സർക്കാർ ഇതിനുവേണ്ടി നിർദ്ദേശിക്കാവുന്ന മറ്റേതെങ്കിലും അധികാരസ്ഥാനം മുമ്പാകെയോ അപ്പീൽ ബോധിപ്പിക്കാവുന്നതും അങ്ങനെയുള്ള അപ്പീലിന്മേൽ സർക്കാരോ, അങ്ങനെയുള്ള അധികാരസ്ഥാനമോ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

12. അംശദായത്തിന്റെ താൽക്കാലികമായി തിട്ടപ്പെടുത്തലും പിരിച്ചെടുക്കലും.— 5-ാം വകുപ്പ് പ്രകാരം അംശദായം നൽകാൻ ബാദ്ധ്യസ്ഥനായ ഓരോ തൊഴിലുടമയും 11-ാം വകുപ്പ് പ്രകാരം അയാൾ നൽകേണ്ടതായ തുക തീരുമാനിക്കുന്നതുവരെ പ്രസ്തുത വകുപ്പുപ്രകാരം ഏറ്റവും ഒടുവിൽ തിട്ടപ്പെടുത്തിയ പ്രകാരം വർഷംതോറും നൽകേണ്ടതായ തുകയുടെ നാലിലൊന്നിന് തുല്യമായ ഒരു തുക മുൻകൂർ അംശദായമായി പദ്ധതിയിൽ പറഞ്ഞേക്കാവുന്ന സമയത്തും രീതിയിലും ഓരോ മൂന്നുമാസം കൂടുമ്പോഴും നൽകേണ്ടതാണ്.

(എ) തൊഴിലുടമ നൽകേണ്ട മുൻകൂർ അംശദായം, തുക നൽകേണ്ടതായ തീയതിയിലോ, അതിനുമുമ്പായോ നൽകിയിട്ടില്ലാത്തപക്ഷം 11-ാം വകുപ്പ് പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ വീഴ്ച വരുത്തുന്ന ആൾക്ക് കുടിശ്ശിക തുക കാണിച്ചുകൊണ്ടുള്ള ഒരു നോട്ടീസ് അയക്കേണ്ടതും അങ്ങനെയുള്ള നോട്ടീസ് കൈപ്പറ്റി പതിനഞ്ച് ദിവസത്തിനകം തുക നൽകാത്തപക്ഷം, ഈ ആക്റ്റിന്റെ 13-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന രീതിയിൽ അത് വസൂലാക്കാവുന്നതുമാണ്.

(ബി) തൊഴിലാളി നൽകേണ്ടതായ അംശദായം, തുക നൽകേണ്ടതായ തീയതി മുതൽ ആറ് മാസ കാലയളവിനുള്ളിൽ നൽകിയിട്ടില്ലാത്തപക്ഷം 11-ാം വകുപ്പ് പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ വീഴ്ച വരുത്തുന്ന ആൾക്ക് കുടിശ്ശിക തുക കൊടുത്തു തീർക്കുന്നതിനായുള്ള ഒരു നോട്ടീസ് നൽകേണ്ടതും അങ്ങനെയുള്ള നോട്ടീസ് കിട്ടിയതിനുശേഷവും നൽകാനുള്ള തുക കൊടുത്തു തീർക്കുന്നതിൽ പരാജയപ്പെടുന്നപക്ഷം അയാളുടെ അംഗത്വ മില്ലാതാകുന്നതുമാണ്.

(സി) നിശ്ചിത തീയതിക്ക് മുമ്പ് അംശദായം അടയ്ക്കാത്തതിന് മതിയായ കാരണങ്ങൾ ബോധിപ്പിക്കുകയും ഒൻപത് ശതമാനം പലിശയോടുകൂടി മുഴുവൻ കുടിശ്ശികയും അപേക്ഷ നൽകുന്ന ദിവസം തന്നെ അടച്ചുതീർത്തുകൊള്ളാമെന്നുള്ള സമ്മതപത്രം എഴുതിക്കൊടുക്കുകയും ചെയ്യുന്നപക്ഷം 11-ാം വകുപ്പ് പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ മേൽപ്പറഞ്ഞ (ബി) ഖണ്ഡ പ്രകാരം അംഗത്വം ഇല്ലാതായ ഒരാളിന്റെ അംഗത്വം പുതുക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ പരിഗണിക്കേണ്ടതാണ്. (സി) ഖണ്ഡ പ്രകാരമുള്ള ഒരപേക്ഷ അംഗത്വം റദ്ദാക്കിയ തീയതി മുതൽ മൂന്ന് വർഷത്തിനുള്ളിൽ നൽകിയിട്ടില്ലായെങ്കിൽ പരിഗണിക്കുവാൻ പാടില്ലാത്തതാണ്.

(ഡി) ഒരു തോട്ടം തൊഴിലാളി, അയാളുടെ അംഗത്വം റദ്ദാക്കിയ തീയതി മുതൽ മൂന്ന് വർഷത്തിനുള്ളിൽ അംഗത്വം പുതുക്കുന്നതിനുള്ള അപേക്ഷ കൊടുക്കു ന്നില്ലെങ്കിൽ അയാളുടെ ക്രെഡിറ്റിലുള്ള അംശദായത്തിന്റെ എഴുപത്തിയഞ്ച് ശതമാനം തിരിച്ചു കിട്ടുവാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

13. <u>തൊഴിലുടമയിൽ നിന്നും കിട്ടേണ്ട പണം വസൂലാക്കേണ്ട രീതി.</u>—ഈ ആക്റ്റിന്റെയോ അല്ലെങ്കിൽ പദ്ധതിയുടെയോ വ്യവസ്ഥകൾ പ്രകാരം തൊഴിലുടമയിൽ നിന്നും കിട്ടേണ്ട ഏതെങ്കിലും തുക ആ തുക കുടിശ്ശികയായിട്ടുണ്ടെങ്കിൽ, ഭൂമിയിന്മേ ലുള്ള പൊതുകര കുടിശ്ശികയെന്നപോലെ ഒൻപത് ശതമാനം നിരക്കിൽ പലിശയോടു കൂടി വസൂലാക്കാവുന്നതാണ്.

14. <u>മറ്റു കടങ്ങൾക്കുപരിയായി അംശദായം നൽകുന്നതിനുള്ള മുൻഗണന.</u>—5-ാം വകുപ്പ് പ്രകാരം അംശദായം നൽകാൻ ബാദ്ധ്യസ്ഥനായ എതെങ്കിലും തൊഴിലുടമ പാപ്പരാണെന്ന് വിധിക്കപ്പെട്ടിട്ടുള്ളിടത്ത്, അഥവാ അപ്രകാരമുള്ള തൊഴിലുടമ ഒരു കമ്പനി ആയിരിക്കുകയും പ്രസ്തുത കമ്പനി വൈൻഡ്-അപ് ചെയ്യുന്നത് സംബന്ധിച്ചുള്ള ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടിരിക്കുകയും ചെയ്യുന്നിടത്ത്, ഈ ആക്റ്റോ, പദ്ധതിയോ അനുസരിച്ച് അപ്രകാരമുള്ള തൊഴിലുടമയിൽ നിന്ന് കിട്ടാനുള്ള തുക,

അതതു സംഗതിപോലെ, പാപ്പരായി വിധിക്കപ്പെടുകയോ വൈൻഡ്-അപ് ചെയ്യുകയോ ചെയ്യുന്നതിന് മുമ്പാണ് ബാദ്ധ്യത ഉണ്ടായിട്ടുള്ളതെങ്കിൽ, 1955-ലെ ഇൻസോൾവൻസി ആക്റ്റ് (1956-ലെ 2-ാം കേന്ദ്ര ആക്റ്റ്) 64-ാം വകുപ്പ് പ്രകാരമോ അല്ലെങ്കിൽ 1956-ലെ കമ്പനി ആക്റ്റ് (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) 530-ാം വകുപ്പ് പ്രകാരമോ അതത് സംഗതിപോലെ, പാപ്പരായ ആളിന്റെ വസ്തുവകകളോ, ആസ്തികളോ, അഥവാ വൈൻഡ്-അപ് ചെയ്യപ്പെടുന്ന കമ്പനിയുടെ വസ്തുവകകളോ, ആസ്തികളോ വീതിച്ചു കൊടുക്കുമ്പോൾ മറ്റെല്ലാ കടങ്ങൾക്കുമുപരിയായി മുൻഗണന ലഭിക്കേണ്ട കടങ്ങളിൽ ഉൾപ്പെട്ടതായി കരുതപ്പെടേണ്ടതുമാണ്.

15. തൊഴിലുടമ വേതനം മുതലായവ കുറയ്ക്കാൻ പാടില്ലെന്ന്.—ഒരു തൊഴിലുടമയും നിധിയിലേക്ക് അംശദായം നൽകാൻ താൻ ബാദ്ധ്യസ്ഥനാണ് എന്ന ഒറ്റ കാരണത്താൽ മാത്രം, ഈ പദ്ധതി ബാധകമാകുന്ന ഏതൊരു തോട്ടം തൊഴിലാളിയുടെയും വേതനമോ, ഒരു തോട്ടം തൊഴിലാളിക്ക് അയാളുടെ തൊഴിൽ സംബന്ധമായ പ്രകടമോ, വ്യംഗ്യമോ ആയ വ്യവസ്ഥകൾ പ്രകാരം ലഭിക്കാൻ അർഹതയുള്ള ആനുകൂല്യത്തിന്റെ ആകെ തുകയോ, പ്രത്യക്ഷമായോ പരോക്ഷമായോ കുറവു ചെയ്യാൻ പാടുള്ളതല്ല.

16. ബോർഡിന്റെ ഡയറക്ടർമാർ മുതലായവർ പബ്ലിക് സെർവന്റുമാർ ആയിരിക്കുമെന്ന്.— 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന ബോർഡിന്റെ ഓരോ ഡയറക്ടറും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും, മറ്റ് ഓഫീസർമാരും ബോർഡിന്റെ സ്റ്റാഫിലെ അംഗങ്ങളും ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്)യിലെ 21-ാം വകുപ്പിന്റെ അർത്ഥ വ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക് സെർവെന്റായി കരുതപ്പെടുന്നതാണ്.

17. ശിക്ഷ.—(1) ഈ ആക്റ്റിന്റെയോ, പദ്ധതിയുടെയോ കീഴിൽ താൻ നൽകേണ്ട ഏതെങ്കിലും തുക നൽകുന്നത് ഒഴിവാക്കണമെന്നുള്ള ഉദ്ദേശ്യത്തിലോ അല്ലെങ്കിൽ മറ്റേതെങ്കിലും ഒരാളെ അങ്ങനെയുള്ള പണം നൽകുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് സഹായമായ വിധത്തിലോ, അറിഞ്ഞുകൊണ്ട് തെറ്റായി ഏതെങ്കിലും വ്യാജ പ്രസ്താവന നടത്തുകയോ തെറ്റായി ധരിപ്പിക്കുകയോ അല്ലെങ്കിൽ അപ്രകാരം ചെയ്യുന്നതിന് ഇടയാക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നുമാസം വരെയാകാവുന്ന തടവോ രണ്ടായിരത്തി അഞ്ഞൂറ് രൂപ വരെയാകാവുന്ന പിഴയോ, അല്ലെങ്കിൽ അവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്.

(2) ഈ ആക്റ്റിന്റെയോ, പദ്ധതിയുടെയോ വ്യവസ്ഥകൾ ലംഘിക്കുകയോ പാലിക്കാൻ വീഴ്ച വരുത്തുകയോ ചെയ്യുന്ന ഏതൊരാളും അപ്രകാരമുള്ള ലംഘനത്തിനോ, വീഴ്ചയ്ക്കോ ഈ ആക്റ്റിനാലോ, ആക്റ്റിൻ കീഴിലോ മറ്റൊരിടത്തും മറ്റേതെങ്കിലും ശിക്ഷ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത പക്ഷം, അഞ്ചുമാസം വരെയാകാവുന്ന തടവോ, അയ്യായിരം രൂപ വരെയാകാവുന്ന പിഴയോ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്.

(3) ഈ ആക്റ്റിൻ കീഴിൽ ശിക്ഷാർഹമായ ഏതൊരു കുറ്റവും ഒരു ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ കുറഞ്ഞ ഒരു കോടതിയും വിചാരണ ചെയ്യാൻ പാടുള്ളതല്ല.

(4) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി അങ്ങനെയുള്ള കുറ്റകൃത്യത്തിന് കാരണമായ വസ്തുതകൾ അടങ്ങിയ രേഖാമൂലമുള്ള

ഒരു റിപ്പോർട്ടിന്മേലല്ലാതെ, ഈ ആക്റ്റിൻ കീഴിൽ ശിക്ഷാർഹമായ ഏതൊരു കുറ്റവും യാതൊരു കോടതിയും വിചാരണ ചെയ്യാൻ പാടില്ലാത്തതാകുന്നു.

18. കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ.—(1) ഈ ആക്റ്റിൻ കീഴിൽ ഒരു കുറ്റം ചെയ്യുന്നത് ഒരു കമ്പനിയാണെങ്കിൽ കുറ്റം ചെയ്യുന്ന സമയത്ത് കമ്പനിയുടെ കാര്യനിർവ്വഹണത്തിന്റെ ചാർജ് വഹിച്ചിരുന്നതോ, അതിനോട് ഉത്തരവാദപ്പെട്ടിരുന്നതോ ആയ ഏതൊരാളും, കമ്പനിയും കുറ്റം ചെയ്തതായി കരുതപ്പെടേണ്ടതും അതനുസരിച്ച് നടപടിക്ക് വിധേയമാകേണ്ടതും ശിക്ഷിക്കപ്പെടേണ്ടതുമാണ് :

എന്നാൽ കുറ്റം ചെയ്തിട്ടുള്ളത് തന്റെ അറിവോടുകൂടിയല്ലെന്നോ അഥവാ അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയുന്നതിനായി താൻ എല്ലാവിധ ശ്രദ്ധയും ചെലുത്തിയെന്നോ അയാൾ തെളിയിക്കുകയാണെങ്കിൽ, ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും തന്നെ അങ്ങനെയുള്ള യാതൊരാളെയും ഈ ആക്റ്റിൻകീഴിലുള്ള യാതൊരു ശിക്ഷയ്ക്കും വിധേയനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും, കമ്പനിയിലെ ഏതെങ്കിലും ഡയറക്ടറുടെയോ, മാനേജരുടെയോ, സെക്രട്ടറിയുടെയോ അല്ലെങ്കിൽ മറ്റ് ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടു കൂടിയോ ഒത്താശയോടെയോ അഥവാ അശ്രദ്ധ നിമിത്തമോ ആണ് ആ കുറ്റം ചെയ്തിട്ടുള്ളതെന്ന് തെളിയിക്കപ്പെടുകയും ചെയ്താൽ പ്രസ്തുത ഡയറക്ടറോ, മാനേജരോ, സെക്രട്ടറിയോ അഥവാ മറ്റ് ഉദ്യോഗസ്ഥനോ ആ കുറ്റം ചെയ്തതായി കരുതപ്പെടേണ്ടതും അതനുസരിച്ച് നടപടിക്ക് വിധേയനാകേണ്ടതും ശിക്ഷിക്കപ്പെടേണ്ടതുമാണ്.

വിശദീകരണം : ഈ വകുപ്പിന്റെ ആവശ്യത്തിലേക്ക് 'കമ്പനി' എന്നാൽ ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും അതിൽ ഒരുഫേമോ, വ്യക്തികളുടെ മറ്റ് സമാജമോ ഉൾപ്പെടുന്നതും 'കമ്പനിയുടെ ഉദ്യോഗസ്ഥൻ' എന്നാൽ കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ, ഡയറക്ടർ, സെക്രട്ടറി, ട്രഷറർ അല്ലെങ്കിൽ മാനേജർ എന്നർത്ഥമാകുന്നതും ആകുന്നു.

19. നഷ്ടം വസൂലാക്കുന്നതിനുള്ള അധികാരം.—ഈ ആക്റ്റിന്റെയോ, പദ്ധതിയുടെയോ കീഴിലുള്ള നിധിയിലേക്ക് ഏതെങ്കിലും അംശദായം നൽകുന്നതിൽ ഏതെങ്കിലും ആൾ വീഴ്ച വരുത്തുന്നിടത്ത്, ബോർഡിന് വീഴ്ച വരുത്തിയ തുക ഒൻപത് ശതമാനം പലിശയോടു കൂടി വസൂലാക്കാവുന്നതാണ്.

20. ഉത്തമവിശ്വാസത്തിൽ എടുത്ത നടപടിക്ക് സംരക്ഷണം.—ഈ ആക്റ്റോ, അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളോ, പദ്ധതികളോ പ്രകാരം ഉത്തമ വിശ്വാസത്തിൽ ചെയ്തതോ, ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും സംഗതി സംബന്ധിച്ച് സർക്കാരിനോ ബോർഡിന്റെ ഏതെങ്കിലും ഡയറക്ടർക്കോ ഏതെങ്കിലും ഓഫീസർക്കോ മറ്റൊരാളിനോ എതിരായി യാതൊരു വ്യവഹാരവും മറ്റ് നിയമനടപടികളും നിലനിൽക്കുന്നതല്ല.

21. സർക്കാരിന്റെ നിർദ്ദേശങ്ങൾ.—(1) സർക്കാരിന്, ബോർഡുമായി കൂടിയാലോചിച്ചതിനുശേഷം, ബോർഡ് അനുവർത്തിക്കേണ്ടതായ പൊതു നിർദ്ദേശങ്ങൾ ബോർഡിന് നൽകാവുന്നതാണ്.

(2) ബോർഡ് ഈ ആക്റ്റിൻ കീഴിലുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിലും, കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിലും, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടിയല്ലാതെ, (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും പൊതു നിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിക്കാൻ പാടുള്ളതല്ല.

22. <u>അന്വേഷണത്തിന് ഉത്തരവിടാനുള്ള അധികാരം.</u>—(1) സർക്കാരിന് ഏതൊരു സമയത്തും, ബോർഡിന്റെ പ്രവർത്തനത്തെപ്പറ്റി അന്വേഷണം നടത്തുന്നതിനും, സർക്കാരിന് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി സർക്കാർ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെ നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെടുന്ന ആൾക്ക്, ബോർഡ്, അന്വേഷണം ശരിയായ രീതിയിൽ നടത്തുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കേണ്ടതും, അദ്ദേഹം ആവശ്യപ്പെടാവുന്ന ബോർഡിന്റെ കൈവശമുള്ള രേഖകളും, കണക്കുകളും, വിവരങ്ങളും അദ്ദേഹത്തിന് നൽകേണ്ടതുമാണ്.

23. <u>ബോർഡിനെ സൂപ്പർസീഡ് ചെയ്യാനുള്ള അധികാരം.</u>—(1) 22-ാം വകുപ്പിൻ കീഴിലുള്ള റിപ്പോർട്ട് പരിഗണിച്ചതിലോ മറ്റ് വിധത്തിലോ, ഈ ആക്റ്റിലെയോ പദ്ധതിയിലെയോ വ്യവസ്ഥകളാലോ, അതിൻ കീഴിലോ ചുമത്തിയ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് ബോർഡിന് കഴിയില്ലെന്നോ, തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ടെന്നോ അഥവാ അധികാരങ്ങൾ അതിലംഘിക്കുകയോ, ദുരുപയോഗപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെന്നോ സർക്കാരിന് അഭിപ്രായമുള്ള പക്ഷം, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം മുഖേന വിജ്ഞാപനത്തിൽ നിർദ്ദേശിക്കാവുന്ന ആറ് മാസത്തിൽ കവിയാത്ത, കാലയളവിലേക്ക് ബോർഡിനെ സൂപ്പർ സീഡ് ചെയ്യാവുന്നതാണ്.

എന്നാൽ, ഈ ഉപവകുപ്പ് പ്രകാരം ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പ് സർക്കാർ, ബോർഡിന്, അതിനെ സൂപ്പർസീഡ് ചെയ്യാതിരിക്കാൻ കാരണം കാണിക്കുന്നതിന് ന്യായമായ ഒരവസരം, നൽകേണ്ടതും, ബോർഡിന്റെ വിശദീകരണങ്ങളും ആക്ഷേപങ്ങളും വല്ലതുമുണ്ടെങ്കിൽ, അവ പരിഗണിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിലുള്ള ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയതിനെ തുടർന്ന്,—

(എ) ബോർഡിലെ, എല്ലാ ഡയറക്ടർമാരും, അപ്രകാരമുള്ള പ്രസിദ്ധീകരണ തീയതി മുതൽ, ഡയറക്ടർ സ്ഥാനം ഒഴിഞ്ഞതായി കരുതപ്പെടേണ്ടതും ;

(ബി) ബോർഡ് വിനിയോഗിക്കേണ്ടതോ, നിർവ്വഹിക്കേണ്ടതോ ആയ എല്ലാ അധികാരങ്ങളും കർത്തവ്യങ്ങളും സൂപ്പർസീഡ് ചെയ്യപ്പെട്ട കാലയളവിൽ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന ഉദ്യോഗസ്ഥനോ, ഉദ്യോഗസ്ഥന്മാരോ, വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യേണ്ടതും ;

(സി) ബോർഡിൽ നിക്ഷിപ്തമായ എല്ലാ ഫണ്ടുകളും മറ്റ് വസ്തുവകകളും സൂപ്പർസീഡ് ചെയ്യപ്പെട്ടിരിക്കുന്ന കാലയളവിൽ സർക്കാരിൽ നിക്ഷിപ്ത മാകുന്നതുമാണ്.

(3) (1)-ാംഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കപ്പെട്ട വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള സൂപ്പർസീഡ് ചെയ്യലിന്റെ കാലയളവ് അവസാനിക്കുമ്പോൾ, സർക്കാർ, 6-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ ബോർഡ് പുനഃസംഘടിപ്പിക്കേണ്ടതാണ്

24. ബോർഡിന്റെ കണക്കുകളുടെ ആഡിറ്റ്.—(1) ബോർഡിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനായി ആഡിറ്റർമാരെ ബോർഡ് നിയമിക്കേണ്ടതാണ്.

(2) അപ്രകാരമുള്ള ആഡിറ്റർമാർ ബോർഡിന്റെ കണക്കുകൾ വർഷത്തിലൊരിക്കൽ പരിശോധിക്കേണ്ടതും ആഡിറ്റ് ചെയ്യേണ്ടതുമാണ്.

25. വാർഷിക റിപ്പോർട്ടും കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും.—(1) ബോർഡിന്റെ വാർഷിക റിപ്പോർട്ട് ബോർഡിന്റെ നിർദ്ദേശാനുസരണം തയ്യാറാക്കേണ്ടതും ബോർഡ് അംഗീകരിച്ചശേഷം റിപ്പോർട്ടിന്റെ ഒരു പകർപ്പ് ആഡിറ്റ് ചെയ്ത കണക്കുകളുടെ ഒരു സ്റ്റേറ്റ്മെന്റ് സഹിതം, ഓരോ വർഷവും ജൂലായ് അവസാനത്തിന് മുൻപായി സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) വാർഷിക റിപ്പോർട്ട് കിട്ടിയാലുടൻതന്നെ സർക്കാർ, കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെൻറ് സഹിതം, അത് സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

26. സിവിൽ കോടതിയുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റോ പദ്ധതിയോ പ്രകാരമോ അവയിൻ കീഴിലോ, സർക്കാരോ, ബോർഡോ, അല്ലെങ്കിൽ ചീഫ് എക്സിക്യൂട്ടീവ് ആഫീസറോ അല്ലെങ്കിൽ ബോർഡ് അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ തീർപ്പാക്കേണ്ടതോ, തീരുമാനിക്കേണ്ടതോ, കൈകാര്യം ചെയ്യേണ്ടതോ ആയ ഏതെങ്കിലും പ്രശ്നമോ, നിശ്ചയിക്കേണ്ടതായ ഏതെങ്കിലും സംഗതിയോ തീർപ്പാക്കുവാനോ, തീരുമാനിക്കുവാനോ കൈകാര്യം ചെയ്യുവാനോ അല്ലെങ്കിൽ നിശ്ചയിക്കുവാനോ യാതൊരു സിവിൽ കോടതിക്കും അധികാരം ഉണ്ടായിരിക്കുന്നതല്ല.

27. മറ്റ് ഏതെങ്കിലും നിയമമോ കരാറുമൂലമോ സ്ഥാപിതമായ ക്ഷേമനിധികളിൽ നിന്നുള്ള ശേഖരം കൈമാറുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ.—ഏതെങ്കിലും നിയമം മൂലമോ അല്ലെങ്കിൽ കരാർമൂലമോ സ്ഥാപിതമായ ഏതെങ്കിലും ക്ഷേമനിധിയിൽ ഒരു അംഗത്തിന്റെ കണക്കിൽ ഉണ്ടായിരുന്ന എല്ലാ തുകകളും, ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ നിധിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതും അതിൽ വരവ് വയ്ക്കുന്നതും, അങ്ങനെയുള്ള ക്ഷേമനിധികളിലേക്ക് അംശദായം നൽകാനുള്ള ആ അംഗത്തിന്റെ ബാദ്ധ്യത, സർക്കാർ ഇതിലേക്കായി നിശ്ചയിക്കുന്ന തീയതി മുതൽ ഇല്ലാതാകുന്നതുമാണ്.

28. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്ന് തങ്ങൾക്ക് തോന്നുന്നതും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം ഉണ്ടാക്കാവുന്നതാണ് :

എന്നാൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന് രണ്ട് വർഷത്തിനുശേഷം അത്തരം യാതൊരു ഉത്തരവും ഉണ്ടാകാൻ പാടുള്ളതല്ല.

(2) ഈ വകുപ്പ് പ്രകാരം ഉണ്ടാക്കിയ ഓരോ ഉത്തരവും അതുണ്ടാക്കിയ ശേഷം, ഉടൻ തന്നെ നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

29. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംമൂലം, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഓരോ ചട്ടവും, അതുണ്ടാക്കിയ ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന്, അതിനുശേഷം, അതത് സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ, റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കേണ്ടതാണ്.

## പട്ടിക

[3 (3) വകുപ്പ് കാണുക]

### പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന കാര്യങ്ങൾ

1. തോട്ടം തൊഴിലാളികളുടെയും തൊഴിലുടമകളുടെയും രജിസ്ട്രേഷൻ.

2. 5-ാം വകുപ്പ് പ്രകാരം തൊഴിലാളികളും തൊഴിലുടമകളും സ്വയമോ അല്ലെങ്കിൽ അവർക്ക് വേണ്ടിയോ നിധിയിലേക്ക് അംശദായം നൽകേണ്ട സമയവും രീതിയും, അംശദായം വസൂലാക്കേണ്ട രീതി.

3. വിവിധ മേഖലകളിൽ നിന്നുമുള്ള ചെറുകിട തോട്ടം തൊഴിലാളികളുടെ അംശദായം വസൂലാക്കേണ്ട രീതി.

4. ബോർഡിനെ സഹായിക്കുന്നതിനുവേണ്ടിയുള്ള ഏതെങ്കിലും കമ്മിറ്റിയുടെ രൂപവൽക്കരണം.

5. കണക്കുകൾ സൂക്ഷിക്കേണ്ട രീതി, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളോ അഥവാ വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളോ അനുസരിച്ച് നിധിയുടെ വക പണം നിക്ഷേപിക്കലും, ബഡ്ജറ്റ് തയ്യാറാക്കലും, കണക്കുകൾ ആഡിറ്റ് ചെയ്യലും, സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കലും.

6. നിധിയിൽ നിന്നും പണം പിൻവലിക്കുന്നതിന് അനുവദിക്കുന്നതിനും അതിൽ നിന്നുള്ള കിഴിക്കലോ, കണ്ടുകെട്ടലോ നടത്തുന്നതിനുള്ള വ്യവസ്ഥകളും അപ്രകാരമുള്ള കിഴിക്കലിന്റെയോ, കണ്ടുകെട്ടലിന്റെയോ പരമാവധി തുകയും.

7. ഒരംഗം, തന്നെയും തന്റെ കുടുംബത്തെയും പറ്റിയുള്ള വിവരങ്ങൾ ആവശ്യപ്പെടുമ്പോൾ നൽകേണ്ടുന്ന ഫാറം.

8. ഒരംഗത്തിന്റെ മരണത്തെത്തുടർന്ന് ഏതെങ്കിലും കുടുംബ പെൻഷൻ സ്വീകരിക്കുവാനുള്ള ആളിനെ നാമനിർദ്ദേശം ചെയ്യലും അത്തരം നാമനിർദ്ദേശത്തിന്റെ റദ്ദാക്കലും അല്ലെങ്കിൽ പരിശോധനയും

9. തോട്ടം തൊഴിലാളികളെ സംബന്ധിച്ച് വച്ചുപോരേണ്ട രജിസ്റ്ററുകളും രേഖകളും, തൊഴിലുടമകൾ സമർപ്പിക്കേണ്ട റിട്ടേണുകളും

10. നിധിയുടെ ഏതെങ്കിലും അംഗത്തിനെ തിരിച്ചറിയുന്നതിന് വേണ്ടിയുള്ള ഏതെങ്കിലും തിരിച്ചറിയൽ കാർഡിന്റെ ഫാറവും രൂപവും അത് നൽകലും, കൈവശം വയ്ക്കലും മാറ്റിക്കൊടുക്കലും

11. പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ആവശ്യങ്ങൾക്കായി ചുമത്തേണ്ട ഫീസ്.

12. 27-ാം വകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെട്ട തുകകൾ നിധിയിലേക്ക് കൊണ്ടുവരേണ്ടതിന്റെയും, വരവ് വയ്ക്കേണ്ടതിന്റെയും രീതി.

13. തോട്ടം തൊഴിലാളികളുടെയോ, അവരുടെ ആശ്രിതരുടെയോ ക്ഷേമത്തിന് വേണ്ടി ഏതെല്ലാം കാര്യങ്ങൾക്ക് നിധി ഉപയോഗിക്കാമെന്ന്.

14. നിധിയുടെ ഭരണനിർവ്വഹണത്തിൽ ഉണ്ടാകാവുന്ന ചെലവുകൾ വഹിക്കുന്നതിനുള്ള നടപടിക്രമം.

15. നിധിയിൽ നിന്നും പെൻഷൻ, കുടുംബപെൻഷൻ, ഗ്രാന്റുകൾ, മുൻകൂറുകൾ എന്നിവ നൽകുന്നതിനുള്ള നടപടിക്രമം

16. പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ അല്ലെങ്കിൽ നടപ്പാക്കുന്ന കാര്യത്തിനാവശ്യമോ, ഉചിതമോ ആയ മറ്റേതെങ്കിലും സംഗതി.

## ഉദ്ദേശകാരണങ്ങളുടെ വിവരണം

ഇന്ന് കേരളത്തിൽ അഞ്ച് ഹെക്ടറിൽ താഴെയുള്ള റബ്ബർ, കാപ്പി, ഏലം, തേയില, എണ്ണപ്പന, കൊക്കോ, കശുവണ്ടി എന്നീ തോട്ടങ്ങളിൽ പണിയെടുക്കുന്ന ഏകദേശം രണ്ട് ലക്ഷത്തോളം വരുന്ന തോട്ടം തൊഴിലാളികൾക്ക് നിലവിലുള്ള പ്ലാന്റേഷൻ നിയമങ്ങളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. കേരള നിയമസഭയുടെ അനൗദ്യോഗിക പ്രമേയങ്ങളും, ബില്ലുകളും സംബന്ധിച്ച സമിതി (1993-95) 1994 ആഗസ്റ്റ് 11-ന് സമർപ്പിച്ച മുപ്പത്തിയൊന്നാമത് റിപ്പോർട്ടിൽ ചെറുകിട തോട്ടം തൊഴിലാളികൾക്കായുള്ള ഒരു പ്രത്യേക ക്ഷേമനിധി കർഷക തൊഴിലാളി ക്ഷേമനിധിയുടെ മാതൃകയിൽ രൂപീകരിക്കണമെന്ന് ശുപാർശ ചെയ്തിരുന്നു. ഇത് പരിശോധിക്കുകയും പെൻഷൻ ഉൾപ്പെടെയുള്ള വിവിധ ക്ഷേമാനുകൂല്യങ്ങൾ ചെറുകിട തോട്ടം തൊഴിലാളികൾക്ക് നൽകുന്നതിന് ഒരു നിയമം കൊണ്ടുവരുവാൻ സർക്കാർ തീരുമാനിക്കുകയും ചെയ്തു.

ഈ സാഹചര്യത്തിൽ ഒരു പുതിയ നിയമം കൊണ്ടു വരാനുദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ബില്ലിലെ 5-ാം ഖണ്ഡപ്രകാരം ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധിയിലേക്ക് ഓരോ തോട്ടം തൊഴിലാളിയും ഓരോ അർദ്ധവർഷത്തേക്കും 120 രൂപ വീതം അടയ്ക്കേണ്ടതാണ്. ഖണ്ഡം 5-ലെ ഉപഖണ്ഡം (3) പ്രകാരം ഒരു തൊഴിലാളിക്ക് ഓരോ അർദ്ധവർഷത്തേക്കും 60 രൂപ നിരക്കിൽ നിധിയിലേക്ക് സർക്കാർ അംശദായമായി നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. ഈ ക്ഷേമ നിധിയിൽ അംഗങ്ങളാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന രണ്ട് ലക്ഷം ചെറുകിട തോട്ടം തൊഴിലാളികൾ ഓരോ വർഷവും ആകെ 4.80 കോടി രൂപ ഈ നിധിയിലേക്ക് അംശദായമായി അടയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു. അപ്രകാരമായാൽ സർക്കാർ വർഷം തോറും 2.40 കോടി രൂപ സഞ്ചിത നിധിയിൽ നിന്നും നൽകേണ്ടതായി വരും. ഈ ക്ഷേമ നിധി പ്രാവർത്തികമാക്കുന്നതിനായി ഈ സാമ്പത്തിക വർഷം 30 ലക്ഷം രൂപ സർക്കാർ തുടക്കച്ചെലവുകൾക്കായി നൽകേണ്ടിവരും. ഈ തുക പിന്നീട് ഈ ക്ഷേമനിധി ബോർഡിന് നൽകേണ്ടതായി വരുന്ന വാർഷിക അംശദായത്തിൽ നിന്നും തട്ടിക്കിഴിക്കാവുന്നതാണ്.

2. ബില്ലിലെ ഖണ്ഡം 6(1) പ്രകാരവും 6(3) പ്രകാരവും പതിനഞ്ച് അംഗങ്ങളുള്ള ഒരു ബോർഡ് രൂപീകരിക്കുന്നതിനും ഖണ്ഡം 9(1) പ്രകാരം ബോർഡിൽ ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറേയും ആവശ്യമെന്ന് കരുതുന്നത്ര മറ്റ് ഉദ്യോഗസ്ഥന്മാരേയും ജീവനക്കാരേയും സർക്കാർ നിയമിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഏകദേശം ആകെ വരാവുന്ന അറുപത് സ്റ്റാഫിന്റെ ആവർത്തന വാർഷിക ചെലവുകൾക്കായി 36 ലക്ഷം രൂപയും പ്രാരംഭ അനാവർത്തന ചെലവുകൾക്കായി (ടൈപ്പ്റൈറ്റർ, കമ്പ്യൂട്ടർ, ഒരു ഡീസൽ കാർ, ടെലഫോൺ, ഫർണിച്ചർ) 10 ലക്ഷം രൂപയും ബോർഡിന്റെ ഫണ്ടിൽ നിന്നും ചെലവാക്കേണ്ടതായി വരും.

## ഏൽപ്പിച്ചുകൊടുത്ത നിയമ നിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. ഗസറ്റ് വിജ്ഞാപനപ്രകാരം ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി പദ്ധതി എന്ന പേരിൽ ഉള്ള ഒരു പദ്ധതി രൂപീകരിക്കുവാൻ ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിന് അധികാരം നല്കുന്നു.

2. ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി മുൻകാല പ്രാബല്യത്തോടുകൂടിയോ, പിൽക്കാല പ്രാബല്യത്തോടുകൂടിയോ ഈ പദ്ധതിക്ക് മാറ്റമോ, വേണ്ടതായ ഭേദഗതിയോ, കൂട്ടിച്ചേർക്കലോ നടത്തുവാൻ സർക്കാരിന് ബില്ലിലെ 3-ാം ഖണ്ഡം (6)-ാം ഉപഖണ്ഡം അധികാരം നൽകുന്നു.

3. ഗസറ്റ് വിജ്ഞാപനംമൂലം ഈ പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി അതിൽ നിർദ്ദേശിക്കാവുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കുന്നതിന് ബില്ലിലെ 6-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിന് അധികാരം നൽകുന്നു.

4. ബോർഡിന്റെ ചെയർ പേഴ്സന്റെയും ഡയറക്ടർമാരുടേയും പേരുകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുവാൻ ബില്ലിലെ 6-ാം ഖണ്ഡം (5)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

5. ഗസറ്റ് വിജ്ഞാപനം വഴി ബോർഡിന്റെ ഏതൊരു അനൗദ്യോഗിക ഡയറക്ടറേയും അതിൽ പറയുന്ന കാരണങ്ങളാൽ നീക്കം ചെയ്യുന്നതിന് സർക്കാരിനെ 8-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം അധികാരപ്പെടുത്തുന്നു.

6. ബോർഡിലെ ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും സേവന വേതന വ്യവസ്ഥകളും നിയമന ചട്ടങ്ങളും അച്ചടക്കത്തെപ്പറ്റിയുള്ള ചട്ടങ്ങളും ഉണ്ടാക്കുന്നതിന് ബില്ലിലെ 9-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

7. ഗസറ്റ് വിജ്ഞാപനംമൂലവും 23-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമം അനുസരിച്ച ശേഷവും ആറുമാസക്കാലത്തിലധികമല്ലാത്ത കാലയളവിലേക്ക് ബോർഡിനെ സൂപ്പർസീഡ് ചെയ്യുന്നതിന് 23-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

8. ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്ന പക്ഷം അവ നീക്കം ചെയ്യുന്നതിന് ബില്ലിലെ 28-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

9. ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി മുൻകാല പ്രാബല്യത്തോടുകൂടിയോ, പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ബില്ലിലെ 29-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിന് അധികാരം നൽകുന്നു.

10. നിർദ്ദിഷ്ട നിയമത്തിന്റെ ശരിയായ നടപ്പാക്കലിന് ഏത് കാര്യങ്ങൾക്കുവേണ്ടിയാണോ വിജ്ഞാപനങ്ങളോ, പദ്ധതികളോ, ചട്ടങ്ങളോ പുറപ്പെടുവിക്കുന്നത് അഥവാ ഉണ്ടാക്കുന്നത്, അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളോ, ഭരണപരമായ സ്വഭാവം ഉള്ളവയോ ആണ്. ഏൽപ്പിച്ചുകൊടുക്കുവാൻ ഉദ്ദേശിക്കുന്ന അധികാരങ്ങൾ ഭരണപരമായ സ്വഭാവത്തോടുകൂടിയതാണ്. കൂടാതെ ഉണ്ടാക്കുന്ന പദ്ധതികളും ചട്ടങ്ങളും നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. അതിനാൽ ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

പി. കെ. ഗുരുദാസൻ.

41/2007.